<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1877</u> <u>29-07-2021 - ൽ മറുപടിയ്ക്ക്</u>

<u>ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ സാധിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2015-16 ൽ വ്യവസായ വകുപ്പിനു കീഴിൽ നഷ്ടത്തിലായിരുന്ന 8 പൊതുമേഖലാ സ്ഥാപനങ്ങളെ 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ ലാഭത്തിലാക്കാൻ സാധിച്ചിട്ടുണ്ട്. പ്രസ്തുത പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതു മേഖലാ സ്ഥാപനങ്ങളെ ലാഭത്തിലെത്തിക്കാൻ ഈ സർക്കാർ എന്തെങ്കിലും തുടർ നടപടി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും നിലവിലെ സ്ഥിതിയും ഭാവി പദ്ധതികളെ സംബന്ധിച്ചും അവലോകനം ചെയ്യുകയുണ്ടായി. മുൻ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവത്ക്കരണം, വിപുലീകരണം, വൈവിദ്ധ്യവത്ക്കരണം എന്നീ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ കമ്പനി തലത്തിൽ തയ്യാറാക്കുന്നതിനായി നിർദ്ദേശം നൽകി. ഓരോ സ്ഥാപനവും അതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട മേഖലയിൽ വരും വർഷങ്ങളിൽ സാങ്കേതിക രംഗമുൾപ്പെടെ എല്ലാ രംഗത്തും ഉണ്ടാകാവുന്ന മാറ്റങ്ങളെ ഉൾക്കൊണ്ട് വളരെ കൃത്യമായ ആസൂത്രണത്തോടെ ആയിരിക്കണം മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കേണ്ടതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. കമ്പനികൾ തയ്യാറാക്കുന്ന കരട് മാസ്റ്റർ പ്ലാനുകൾ വിദഗ്ധരടങ്ങിയ കമ്മിറ്റി പരിശോധിച്ച് ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്തതിനു ശേഷമായിരിക്കും നടപ്പാക്കുന്ന കാര്യത്തിൽ സർക്കാർ തീരുമാനമെടുക്കുക. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | കമ്പനി | പ്രവർത്തന ലാഭത്തിൽ പ്രവർത്തിച്ച വർഷങ്ങൾ |
|---|---|---|
| 1 | യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് | 2019-20 |
| 2 | ദി കേരള സിറാമിക് ലിമിറ്റഡ് | 2018-19, 2019-20. 2020-21 |
| 3 | കേരള സ്റേറ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് | 2017-18, 2018-19, 2019-20 |
| 4 | കേരള മിനറൽ ഡെവലപ് മെൻറ് കോർപറേഷൻ ലിമിറ്റഡ് | 2020-21 |
| 5 | കേരള ഇലക്ട്രിക്കൽ ആൻറ് അലൈഡ് എഞ്ചിനിയറിങ്ങ് കമ്പനി ലിമിറ്റഡ് | 2019-20 |
| 6 | കേരള സ്റ്റേറ്റ് ഡ്രഗ് സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് | 2016-17 മുതൽ 2020-21 വരെ തുടർച്ചയായി പ്രവർത്തന ലാഭത്തിലാണ് |
| 7 | ട്രാൻസ്സ്ഫൊർമേഴ്സ് ആൻറ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് | 2016-17, 2017-18, 2018-19, 2019-20 |
| 8 | മലപ്പുറം കോപ്പറേറ്റീവ് സ്പിന്നിങ് മിൽസ് ലിമിറ്റഡ് | 2020-21 |

സെക്ഷൻ ഓഫീസർ